പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.368 29.06.2016-ൽ മറുപടിയ്ക്ക്

## ഫുട്ബോൾ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറയ്ക്കൽ അബ്ദുള്ള | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും<br>സ്പോർട്സും വകുപ്പുമന്ത്രി |

(എ) സംസ്ഥാനത്തിന്റെ ഫുട്ബോൾ വികസനത്തിനായി എന്തെങ്കിലും ദീർഘകാല പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) പ്രതിഭകളെ ഇളം പ്രായത്തിൽ കണ്ടെത്തി അവർക്ക് പരിശീലനം നൽകി കഴിവുകളെ പരിപോഷിപ്പിക്കുന്ന റസിഡൻഷ്യൽ ഫുട്ബോൾ അക്കാദമി സംസ്ഥാനത്ത് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അതോടൊപ്പം സ്കൂൾ, കോളേജ് തലത്തിൽ ഫുട്ബോൾ വികസനത്തിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

(എ), (ബി) & (സി)

ഫുട്ബോൾ വികസനത്തിനായി പുതിയ ദീർഘകാല പദ്ധതികൾക്ക് രൂപം കൊടുക്കും. കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ സ്കൂൾ/കോളേജ് തലങ്ങളിലും, കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു.

കൂടാതെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള സ്കൂൾ/കോളേജ്/ സ്പോർട്സ് ഹോസ്റ്റലുകളിലും ഫുട്ബോളിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകി വരുന്നു. ഫുട്ബോളിനായി കോളേജ് തലത്തിൽ ആൺകുട്ടികൾക്ക് 8 സ്പോർട്സ് ഹോസ്റ്റലുകളും, പെൺകുട്ടികൾക്ക് 2 സ്പോർട്സ് ഹോസ്റ്റലും, സ്കൂൾ തലത്തിൽ ആൺകുട്ടികൾക്ക് 1 സ്പോർട്സ് ഹോസ്റ്റലും നിലവിലുണ്ട്. പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതോടൊപ്പം, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ഭക്ഷണത്തിനുള്ള ചെലവുകൾ, ചികിത്സാ ചെലവുകൾ എന്നിവ സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകി വരുന്നു.

മാത്രമല്ല, ഡേ ബോർഡിംഗ് സ്കീമിൽ ഉൾപ്പെടുത്തി 14 ജില്ലകളിലായി സ്കൂളുകളും, ക്ലബ്ബുകളും കേന്ദ്രീകരിച്ച് ഫുട്ബോളിനായി 15 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും, അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും കൗൺസിൽ നൽകി വരുന്നു.

Mary M

സെക്ഷൻ ഓഫീസർ